**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 60,000/- രൂപയ്ക്ക് (അറുപതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1498/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/07/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ പി എ എൻ/20963/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/05/2019-ലെ ഡി. കെ.എസ്.എ/ 1406/2018/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം നീണ്ടകര ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണ പദ്ധതിക്ക് ചെലവഴിച്ച 60,000/-രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. കായൽ, കടൽ, തോട് എന്നിവയാൽ ചുറ്റപ്പെട്ട കിടക്കുന്ന നീണ്ടകരയിലെ പ്രധാന കൃഷി തെങ്ങാണെന്നും ചൊരിമണൽ പ്രദേശമായതിനാൽ മഴവെള്ള സംരക്ഷണം അത്യാവശ്യമായതിനാൽ പശ്ചിമഘട്ട വികസന പരിപാടിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം തെങ്ങിന് തടമെടുത്ത് മണ്ണും ജലവും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ടി പ്രോജക്ട് നടപ്പിലാക്കിയതെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ സദുദ്ദേശത്തോടെ നടപ്പിലാക്കിയ പ്രോജക്റ്റിന് വേണ്ടി ചെലവായ തുകയായ 60,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരിക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ സദുദ്ദേശത്തോടെ നടപ്പിലാക്കിയ പ്രോജക്റ്റിന് വേണ്ടി ചെലവായ തുകയായ 60,000/- രൂപയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 60,000/- രൂപയ്ക്ക് (അറുപതിനായിരം രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നീണ്ടകര ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**